# പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 733 — 07.11.2016-ൽ മറുപടിയ്ക്ക്.

## ക്ഷേമവികസന പ്രവർത്തനങ്ങളിൽ വേഗതയും ഫലപ്രാപ്തിയും ഉറപ്പാക്കുന്നതിന് നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.സണ്ണി ജോസഫ് | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | പ്രാദേശിക തലത്തിലുള്ള ക്ഷേമവികസന പ്രവർത്തനങ്ങളിൽ വേഗതയും ഫലപ്രാപ്തിയും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) & (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ യഥാസമയം രൂപീകരിക്കുന്നതിന് പദ്ധതി മാർഗ്ഗരേഖയിൽ സമയക്രമം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തുന്നതിനും സോഷ്യൽ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനും പദ്ധതി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പൊതുജനങ്ങൾക്ക് നൽകുന്ന ക്ഷേമവികസന പ്രവർത്തനങ്ങൾ വേഗത്തിൽ നടത്തുന്നതിനും ആയത് ഉറപ്പുവരുത്തുന്നതിനുമായി സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്. ഓരോ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങളും ആയത് എത്ര സമയത്തിനുള്ളിൽ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് വേഗത്തിൽ സേവനം ലഭിക്കുന്നതിനായി ജനന മരണ വിവാഹ രജിസ്ട്രേഷൻ, സാമൂഹ്യ സുരക്ഷാ പെൻഷൻ എന്നിവ സംബന്ധിച്ച ജോലികൾ പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾ നൽകുന്ന അപേക്ഷ കൃത്യമായി സ്വീകരിക്കുന്നതിനും സേവനം പ്രദാനം ചെയ്യുന്ന തീയതി രേഖപ്പെടുത്തി എല്ലാ അപേക്ഷകൾക്കും രസീത് നൽകുന്നതിനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ടോ എന്നും |
| (ബി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | | |

| | | | |
|---|---|---|---|
| | | | രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നും പെർഫോമൻസ് ഓഡിറ്റ് വിഭാഗം പീരിയോഡിക്കൽ പരിശോധന നടത്തി വീഴ്ചകൾ പരിഹരിച്ചു വരുന്നുണ്ട്. വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വേഗത്തിൽ പദ്ധതികൾ രൂപീകരിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ഐ.കെ.എം തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ് വെയർ ഉപയോഗിച്ചു വരുന്നു. ഏറ്റെടുത്ത വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും ജില്ലാ കളക്ടർ കൺവീനറായും ഉള്ള സമിതി രൂപീകരിച്ചിട്ടുണ്ട്. മാസത്തിൽ ഒരു തവണ ബ്ലോക്ക തലത്തിലും അവലോകനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക വർഷം തുടങ്ങുന്നതിനു മുമ്പുതന്നെ പദ്ധതികൾ രൂപവൽക്കരിക്കുകയും സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കുകയും ചെയ്യുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നതിനുവേണ്ടി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും റിവ്യൂ നടത്താറുണ്ട്. കൂടാതെ ഇ-ടെണ്ടറിംഗ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. |
| **(സി)** | എന്തെല്ലാം സാങ്കേതിക വിദ്യകളുടെ സാദ്ധ്യതകളാണ് ഇതിനായി പ്രയോജനപ്പെടുത്തിയതെന്ന് വിശദമാക്കുമോ? | **(സി)** | വിവര സാങ്കേതിക വിദ്യയാണ് പ്രധാനമായും ഉപയോഗിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നെറ്റ് കണക്ടിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്. ഐ.കെ.എം ന്റെ സഹായ ത്തോടെ പദ്ധതി രൂപീകരണം, അംഗീകാരം, നിർവ്വഹണം എന്നിവയ്ക്കായി സുലേഖ സോഫ്റ്റ് വെയർ പ്രകാരം പദ്ധതി രൂപീകരണം, അംഗീകാരം ലഭ്യമാക്കൽ, നിർവ്വഹണം, ചെലവു പുരോഗതി തുടങ്ങിയവ ഓൺലൈനായി അത്ത് സമയം പരിശോധനാ വിധേയമാക്കാവുന്നതാണ്. അക്കൗണ്ടിംഗ്, ഫണ്ട് വിനിയോഗം എന്നിവ രേഖപ്പെടുത്തുന്ന തിനായി സാംഖ്യാ സോഫ്റ്റ് വെയർ, ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കുന്ന തിനായി സ്ഥാപന സോഫ്റ്റ് വെയർ, യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിനായി സകർമ്മ സോഫ്റ്റ് വെയർ, |

| | | | |
|---|---|---|---|
| | | | ഭൂമിശാസ്ത്രപരമായ വിവരങ്ങൾക്കായി [illegible] സോഫ്റ്റ് വെയർ തുടങ്ങിയവ ഉപയോഗിക്കുന്നു. കൂടാതെ ഇ-ടെണ്ടറിംഗ് സംവിധാനം ഉപയുക്തമാക്കിയിട്ടുണ്ട്. മരാമത്ത് ജോലികളുടെ ഭാഗമായി പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ചു വരുന്നു. ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിവരങ്ങളും, ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സഹായ ധനം കൈമാറുന്ന വിവരങ്ങളും അതാത് പദ്ധതികളുടെ വെബ് സൈറ്റിലേക്ക് ഓൺലൈനായി രേഖപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ